(ബി) ഇതിൽ ഗ്രാന്റും ലോണും എത്ര വീതമാണ് ;

(സി) ലോണിന് കൊടുക്കുന്ന പലിശ എത്രയാണ് ; പ്രസ്തുത വായ്പ തിരിച്ചടയ്ക്കേണ്ട കാലാവധി എത്രയാണ് ;

(ഡി) ലോകബാങ്കിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ ഇന്ത്യയ്ക്കകത്തു നിന്നോ വിദേശങ്ങളിൽ നിന്നോ വായ്പ ലഭിക്കുവാനുള്ള സാദ്ധ്യതയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 1600 കി. മീ. റോഡുകളുടെ വികസനത്തിനായി ലോകബാങ്കിൽ നിന്നും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന് 1250 കോടി രൂപ ധനസഹായം ലഭിക്കും. കേന്ദ്ര സർക്കാർ വായ്പയായി എടുക്കുന്ന ഈ ധനസഹായം 70% വായ്പയായും 30% ഗ്രാന്റായുമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്.

(സി) സംസ്ഥാന സർക്കാർ കേന്ദ്രത്തിന് 8.3 ശതമാനം പലിശ നൽകേണ്ടതുണ്ട് 5 വർഷത്തെ മോറട്ടോറിയത്തിന് ശേഷം 15 വർഷം കൊണ്ട് വായ്പ തുക തിരിച്ചടയ്ക്കണം.

(ഡി) ലോകബാങ്കിൽ നിന്നും ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിന് മറ്റു വായ്പയൊന്നും ലഭിക്കുന്നതിനുള്ള സാദ്ധ്യതയില്ല.

(ഇ) ഉദിക്കുന്നില്ല.

ലോകബാങ്ക് സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾ

37 (634) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ റോഡ് പരിഷ്ക്കരിക്കുന്ന സ്കീമിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ഓരോന്നിന്റെയും എസ്റ്റിമേറ്റ് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ റോഡുകൾ ടെൻഡർ ചെയ്ത് പണി പൂർത്തിയാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് റോഡും (28 കി.മീ.) (11 ഫെസ്) ചെർക്കള ജൽസൂർ റോഡും (41 കി. മീ.) ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെർക്കള ജൽസൂർ റോഡ് ഹെവിമെയിന്റനൻസ് എസ്റ്റിമേറ്റ് 9. 73 കോടി രൂപ . കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് പ്രീ-ക്വാളിഫിക്കേഷൻ സ്റ്റേജിലാണ് എസ്റ്റിമേറ്റ് ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുന്നു.

(സി) ചെർക്കള - ജൽസൂർ റോഡ് പണി പൂർത്തിയായിട്ടുണ്ട്.

കേരള റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരം നടത്തുന്ന പണികൾ

38 (635) ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരം പാലത്തിന്റെ പണി നടത്താറുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രോജക്ട് പ്രകാരം വികസിപ്പിക്കുന്ന റോഡുകളിലുള്ള പാലങ്ങളുടെ പണിയും മറ്റു റോഡുകളിലുള്ള പാലങ്ങളുടെ പണിയും നടത്തുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരം വികസിപ്പിക്കുന്ന റോഡുകളിലുള്ള പാലങ്ങളുടെ പണി നടത്താൻ മാത്രമേ ഈ പദ്ധതിയിൽ വ്യവസ്ഥയുള്ളു.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രൂപരേഖയനുസരിച്ച് നവീകരിക്കുന്ന റോഡുകൾ

39 (636) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി മാലേത്ത് സരളാദേവി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രൂപരേഖ അനുസരിച്ച് ഏതെല്ലാം റോഡുകളാണ് വികസിപ്പിക്കുന്നതും നവീകരിക്കുന്നതും എന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം പണി ചെയ്യുന്ന റോഡിന് നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിനെതിരെ അതിന്റെ കോൺട്രാക്ടറിൽ നിന്നും ഗ്യാരണ്ടി വാങ്ങുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly